## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3346**

14.07.2015-ൽ മറുപടിക്ക്

### ഗൃഹശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ബഷീർ: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലയളവിൽ ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾക്കാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഗൃഹശ്രീ പദ്ധതി 2013-14 വർഷത്തിൽ 525 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 525 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. മേൽപ്പറഞ്ഞ 525 ഗുണഭോക്താക്കളിൽ വീടുകളുടെ നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ 30.06.2015- ലെ കണക്ക പ്രകാരം 525 പേർക്ക് ഒന്നാം ഗഡുവും, 512 പേർക്ക് രണ്ടാം ഗഡുവും, 481 പേർക്ക് മൂന്നാം ഗഡുവും, 453 പേർക്ക് നാലാം ഗഡുവും അനുവദിച്ചിട്ടുണ്ട്.<br><br>ഗൃഹശ്രീ പദ്ധതി 2014-15 വർഷത്തിൽ അനുവദനീയമായ 709 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന്റെ ഭാഗമായി 709 വീടുകൾക്കുള്ള സ്പോൺസർഷിപ്പ് തുക ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 709 ഗുണഭോക്താക്കളിൽ വീടുകളുടെ നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ 30.06.2015 -ലെ കണക്ക പ്രകാരം 507 പേർക്ക് ഒന്നാം ഗഡുവും, 241 പേർക്ക് രണ്ടാം ഗഡുവും, 101 പേർക്ക് മൂന്നാം ഗഡുവും, 11 പേർക്ക് നാലാം ഗഡുവും അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ സ്പോൺസർമാർ എത്ര രൂപ വീതമാണ് നൽകേണ്ടതെന്ന് അറിയിക്കുമോ; | (ബി) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം ഒരു വീടിന് 1 ലക്ഷം രൂപയാണ് സ്പോൺസർഷിപ്പ് വിഹിതമായി സ്പോൺസർ അടക്കേണ്ടത്. |

(സി) പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

(ഡി) ഇതുവരെ ഏതെല്ലാം സംഘടനകളും വ്യക്തികളുമാണ് ഈ പദ്ധതിയിലേയ്ക്കുള്ള ഗുണഭോക്താക്കളെ നിർദ്ദേശിച്ചിട്ടുള്ളതെന്നും ഓരോരുത്തരും എത്ര പേരെ വീതമാണ് നിർദ്ദേശിച്ചതെന്നും വിശദമാക്കാമോ?

(ഡി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്